# മഹാത്മാഗാന്ധി സർവ്വകലാശാല

പുറത്തെഴുത്ത് നം.35241/AD A3-4/2024/AD A 3 25.08.2025

UGC/AICTE/Medical Education Schemes എന്നിവയിൽ ഉൾപ്പെടുന്ന അദ്ധ്യാപകർ/ പെൻഷൻകാർ/ഫാമിലി പെൻഷൻകാർ എന്നിവർക്ക് നല്കിവന്നിരുന്ന Dearness Allowance / Dearness Relief എന്നിവ 38%-ൽ നിന്നും 42% ആയി വർദ്ധിപ്പിച്ചുകൊണ്ട് സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് G.O(P) No.104/2025/FIN, Dated 25/08/2025, മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985 അദ്ധ്യായം III പരിച്ഛേദം 10.17-ൽ പ്രതിപാദിച്ചിരിക്കുന്ന അധികാരം ഉപയോഗിച്ച് സർവകലാശാലയിൽ നടപ്പിലാക്കുവാൻ വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ബിനോയ് സെബാസ്റ്റ്യൻ
അസിസ്റ്റന്റ് രജിസ്ട്രാർ 1(ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ് :

1. എല്ലാ വിഭാഗങ്ങളും ഡിപ്പാർട്ടുമെന്റുകളും സെന്ററുകളും
2. വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറി
3. രജിസ്ട്രാർ/എഫ്.ഒ/സി.ഇ എന്നിവരുടെ പേർസണൽ അസ്സിസ്റ്റന്റുമാർ
4. ജോയിന്റ് ഡയറക്ടർ ,കെ.എസ്.എ.ഡി.,മഹാത്മാഗാന്ധി സർവ്വകലാശാല
5. എ.ആർ./ഡി.ആർ./ജെ.ആർ.(ഭരണം/അക്കാദമിക്/ഫിനാൻസ്/പരീക്ഷ).
6. പി.ആർ.ഒ / ഐ.ക്യു.എ.സി./എഫ്.സി.സി./എ.സി.സി.1/2
7. സ്റ്റോക്ക് ഫയൽ /റെക്കോർഡ്സ് സെക്ഷൻ/ഫയൽ കോപ്പി.

Draft #4 of File 35241/AD A3-4/2024/AD A 3 Approved by ASSISTANT REGISTRAR I (ADMIN) on 26-Aug-2025 09:13 AM - Page 1

Draft #4 of File 35241/AD A3-4/2024/AD A 3 Approved by ASSISTANT REGISTRAR I (ADMIN) on 26-Aug-2025 09:13 AM - Page 2

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

യു.ജി.സി/എ.ഐ.സി.ടി.ഇ/മെഡിക്കൽ എഡ്യൂക്കേഷൻ സ്കീമുകൾക്ക് കീഴിൽ വരുന്ന അദ്ധ്യാപക ജീവനക്കാർ/ പെൻഷൻകാർ/ കുടുംബ പെൻഷൻകാർ — ക്ഷാമബത്ത/ ക്ഷാമാശ്വാസം പുതുക്കിയ നിരക്കിൽ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (പേ റിസർച്ച് യൂണിറ്റ്) വകുപ്പ്**

സ.ഉ.(അച്ചടി) നം.104/2025/FIN തിരുവനന്തപുരം, തീയതി: 25-08-2025

---

പരാമർശം:-

1. സ.ഉ.(അച്ചടി) നം.151/2020/ധന തീയതി 05.11.2020
2. കേന്ദ്രസർക്കാരിന്റെ 03.04.2023 -ലെ 1/1/2023-E-II (B) നമ്പർ ഓഫീസ് മെമ്മൊറാണ്ടം.
3. കേന്ദ്രസർക്കാരിന്റെ 06.04.2023-ലെ 42/04/2023-P&PW(D) നമ്പർ ഓഫീസ് മെമ്മൊറാണ്ടം.
4. കേന്ദ്രസർക്കാരിന്റെ 10.04.2023-ലെ 1/3(1)/2008-E.II(B) നമ്പർ ഓഫീസ് മെമ്മൊറാണ്ടം.
5. സ.ഉ.(അച്ചടി) നം.30/2025/ധന തീയതി 20.03.2025

**ഉത്തരവ്**

യു.ജി.സി/എ.ഐ.സി.ടി.ഇ/മെഡിക്കൽ എഡ്യൂക്കേഷൻ എന്നീ സ്കീമുകൾക്ക് കീഴിൽ 01.01.2016 മുതൽ പരിഷ്കരിച്ച സ്കെയിലിലേക്ക് മാറിയ യു.ജി.സി/എ.ഐ.സി.ടി.ഇ/മെഡിക്കൽ വിദ്യാഭ്യാസ സ്കീമുകളിൽ ഉൾപ്പെടുന്ന അധ്യാപക ജീവനക്കാർക്ക് നൽകേണ്ട ക്ഷാമബത്ത നിലവിലുള്ള 38% ൽ നിന്ന് 42% ആയി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

2. യു.ജി.സി/എ.ഐ.സി.ടി.ഇ/മെഡിക്കൽ എഡ്യൂക്കേഷൻ സ്കീമുകളിൽ ഉൾപ്പെടുന്നതും 01.01.2006 മുതലോ അതിനുശേഷമോ ആറാം യു.ജി.സി/എ.ഐ.സി.ടി.ഇ/മെഡിക്കൽ എഡ്യൂക്കേഷൻ സ്കെയിലിൽ തുടരുന്നതുമായ അധ്യാപക ജീവനക്കാർക്ക് നൽകേണ്ട ക്ഷാമബത്ത നിരക്കുകൾ നിലവിലുള്ള 212% ൽ നിന്ന് 221% ആയി വർദ്ധിപ്പിക്കാൻ അനുമതി നല്കുന്നു.

Draft #4 of File 35241/AD A3-4/2024/AD A 3 Approved by ASSISTANT REGISTRAR I (ADMIN) on 26-Aug-2025 09:13 AM - Page 3

3. പരാമർശം (1) ഉത്തരവ് പ്രകാരം പെൻഷൻ/കുടുംബ പെൻഷൻ പരിഷ്കരിച്ച യു.ജി.സി പെൻഷൻകാർ/കുടുംബ പെൻഷൻകാർ എന്നിവർക്ക് നൽകേണ്ട ക്ഷാമബത്ത നിരക്ക് നിലവിലുള്ള 38%-ൽ നിന്ന് 42% ആയി വർദ്ധിപ്പിക്കാൻ അനുമതി നൽകുന്നു.

4. പരാമർശം (1) ഉത്തരവ് പ്രകാരം പെൻഷൻ/ കുടുംബ പെൻഷൻ പരിഷ്കരിച്ചിട്ടില്ലാത്ത യു.ജി.സി പെൻഷൻകാർ/ കുടുംബ പെൻഷൻകാർ എന്നിവർക്ക് നൽകേണ്ട ക്ഷാമബത്ത നിരക്ക് നിലവിലുള്ള 212%-ൽ നിന്ന് 221% ആയി വർദ്ധിപ്പിക്കാൻ അനുമതി നല്കുന്നു.

5. വർദ്ധിപ്പിച്ച ക്ഷാമബത്ത 2025 ആഗസ്റ്റ് മാസത്തെ ശമ്പളത്തോടൊപ്പം അതായത്, 2025 സെപ്റ്റംബർ മാസം വിതരണം ചെയ്യുന്ന ശമ്പളത്തോടൊപ്പം നൽകുന്നതാണ്.

6. വർദ്ധിപ്പിച്ച ക്ഷാമാശ്വാസം 2025 സെപ്റ്റംബർ മാസത്തെ പെൻഷനോടൊപ്പം വിതരണം ചെയ്യുന്നതാണ്.

7. ക്ഷാമബത്തയുടെ വർദ്ധിപ്പിച്ച നിരക്ക്, യു.ജി.സി/എ.ഐ.സി.ടി.ഇ/ മെഡിക്കൽ എഡ്യൂക്കേഷൻ സ്കീം സർക്കാർ ഉത്തരവിലൂടെ നടപ്പാക്കിയ ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾക്ക്, ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി ബാധകമാണ്. സർക്കാർ ഉത്തരവിലൂടെ സ്റ്റാറ്റ്യൂട്ടറി പെൻഷൻ നിലനിൽക്കുന്ന യൂണിവേഴ്സിറ്റികൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ മാത്രം ക്ഷാമാശ്വാസത്തിന്റെ വർദ്ധിപ്പിച്ച നിരക്ക് ബാധകമാണ്. ക്ഷാമബത്തയുടെയും/ ക്ഷാമാശ്വാസത്തിന്റെയും വർദ്ധിപ്പിച്ച നിരക്ക് 42%-ൽ അധികരിക്കാൻ പാടില്ല (01.01.2006 മുതലോ അതിനുശേഷമോ ആറാം യു.ജി.സി/എ.ഐ.സി.ടി.ഇ/ മെഡിക്കൽ എഡ്യൂക്കേഷൻ സ്കെയിലിൽ തുടരുന്നവർക്ക് 221%). ഡയറക്ടർ ബോർഡ്/ ഭരണസമിതി/ മാനേജിംഗ് കമ്മിറ്റി/ എക്സിക്യൂട്ടീവ് കമ്മിറ്റി എന്നിവയുടെ അംഗീകാരം ലഭിച്ചതിനുശേഷം അവർക്ക് ക്ഷാമബത്ത/ ക്ഷാമാശ്വാസം അനുവദിക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ആർ ജ്യോതിലാൽ
അഡീഷണൽ ചീഫ് സെക്രട്ടറി

പകർപ്പ്:

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) I/II, കേരളം, തിരുവനന്തപുരം.
3. സെക്രട്ടേറിയറ്റിലെ പൊതുഭരണം, നിയമം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകളിലെ എല്ലാ സെക്ഷനുകൾക്കും.
4. എല്ലാ വകുപ്പുകൾക്കും വകുപ്പ് തലവൻമാർക്കും

5. സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ, തിരുവനന്തപുരം.
6. രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം.
7. അഡ്വക്കേറ്റ് ജനറൽ, എറണാകുളം.
8. എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി/ പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറി/ സ്പെഷ്യൽ സെക്രട്ടറി/ അഡീഷണൽ സെക്രട്ടറി/ ജോയിന്റ് സെക്രട്ടറി/ ഡെപ്യൂട്ടി സെക്രട്ടറി/അണ്ടർ സെക്രട്ടറിമാർ.
9. ഗവർണറുടെ സെക്രട്ടറി
10. മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർ.
11. പ്രതിപക്ഷ നേതാവിന്റെയും ഗവൺമെന്റ് ചീഫ് വിപ്പിന്റെയും പ്രൈവറ്റ് സെക്രട്ടറിമാർ
12. ബഹു. സ്പീക്കറുടെ/ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി
13. ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറി.
14. രജിസ്ട്രാർ, എല്ലാ സർവകലാശാലകൾക്കും.
15. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
16. എല്ലാ ജില്ലാ ട്രഷറികൾക്കും സബ് ട്രഷറികൾക്കും.
17. നോഡൽ ഓഫീസർ, www.finance.kerala.gov.in, ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.
18. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ്
19. കരുതൽ ഫയൽ / ഓഫീസ് കോപ്പി (PRU-2/1/2025-FIN).

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #4 of File 35241/AD A3-4/2024/AD A 3 Approved by ASSISTANT REGISTRAR I (ADMIN) on 26-Aug-2025 09:13 AM - Page 4